# ചിന്തിക്കുക

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ക്രിസ്തുമസ്സ് ഇന്ന് ഈ ലോകം മുഴുവനുമുള്ള നാനാജാതി മതസ്ഥരായ ആബാലവൃദ്ധം ജനങ്ങൾ ആഘോഷിക്കുന്ന ഒരു ദിനമാണ്. ഈ നല്ല ദിവസം നമ്മൾ ഒന്നിച്ച് ചിന്തിക്കാനായി നല്ലതെന്ന് എനിക്ക് ബോദ്ധ്യപ്പെട്ട ഒരു വിഷയം സമർപ്പിക്കുകയാണ്. ഇതിന് മുമ്പ് പലപ്പോഴും കേട്ടിട്ടും പ്രവർത്തിപഥത്തിൽ കൊണ്ടു വരാതിരുന്ന വിഷയം തന്നെ.

അതിപുരാതന കാലത്ത് ലോകം മുഴുവനിലും ഉണ്ടായിരുന്ന മിക്കവാറും എല്ലാ ദേവാലയങ്ങളിലും ആരാധന മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നു കാണുന്നതുപോലെ ജന്മദിനാഘോഷങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ലായെന്നാണ് എന്റെ ദീർഘമായ പഠനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്.

ഇന്ന് മിക്കവാറും ദേവാലയങ്ങളിൽ യേശുക്രിസ്തുവിന്റെ, പരിശുദ്ധ കന്യക മറിയാമ്മിന്റെ കൂടാതെ ഇടവകയിലെ എല്ലാവരുടേയും ജന്മദിനങ്ങൾ ആഘോഷിക്കുന്ന പതിവ് സുലഭമാണ്. അതിലെ തെറ്റും ശരിയുമെന്ന വിഷയത്തിലേക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല.

നമ്മൾ പ്രാർത്ഥിക്കുന്നത്, ദേവാലയങ്ങളിൽ പോകുന്നത് എന്തിനാണ്? വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് ഉള്ളത്. വ്യക്തിപരമായ എന്റെ പഠനങ്ങളിൽ നിന്ന് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്: സമാധാനം കിട്ടാനാണ്.

നിത്യവും, സദാനേരവും പ്രാർത്ഥിക്കുകയും പള്ളിയിൽ പോകുകയും ചെയ്യുന്നവർക്ക് പോലും രോഗവും, പീഡനങ്ങളും കഷ്ടപ്പാടുകളും ദുരിതങ്ങളും എല്ലാം എപ്പോഴും ഉണ്ടായാലും അതെല്ലാം ന്യായീകരിച്ച് മനസ്സമാധാനം കൈവരുത്തും.

മനുഷ്യന് മറ്റെന്തെല്ലാം നഷ്ടപ്പെട്ടാലും ജീവിക്കാൻ സാധിക്കും. എന്നാൽ മനസ്സമാധാനം നഷ്ടപ്പെട്ടാൽ ഒരു നിമിഷം പോലും ജീവിക്കാൻ സാധിക്കുകയില്ല. ഈ സമാധാനം കിട്ടാൻ വേണ്ടി പല മാർഗ്ഗങ്ങൾ സ്വീകരിക്കും: മദ്യപാനം, ലൈഗികത, മാനസീക വിനോദങ്ങൾ കൂടാതെ കൊലപാതകം വെരെ ആ ക്രമത്തിൽ വരും. എന്നാൽ ഈ യാതൊന്നും കൊണ്ടും ശാശ്വത സമാധാനം ലഭിക്കത്തില്ലന്ന് എല്ലാവർക്കുമറിയാം. പ്രാർത്ഥന ഒന്നു കൊണ്ടു മാത്രമേ ശാശ്വത സമാധാനം കിട്ടുകയുള്ളു.

സ്വ ഭവനങ്ങളിൽ നിത്യവും, സദാനേരവും പ്രാർത്ഥനകൾ നടത്തിയാലും ദേവാലയങ്ങളിൽ പോയി ആരാധനനയിൽ പങ്കെടുത്താൽ മാത്രമേ ആ സമാധനത്തിന്റെ പരിപൂർണ്ണതയിൽ എത്തുകയുള്ളു എന്ന് പലരും വിശ്വസിക്കുന്നുണ്ട്.

ഇന്ന് ആരാധനാലയങ്ങളിൽ നിന്നും സ്രവിക്കുന്ന വചന ശുശ്രൂഷയും പല മുഖ്യ പ്രശ്നങ്ങളേയും ന്യായീകരിച്ച് സമാധാനം കിട്ടാൻ ഉപകരിക്കുന്നുണ്ട്. അങ്ങിനെ പല വിധത്തിൽ നമ്മൾ സമാധാനം ലഭിക്കാനായി ശ്രമിച്ചപ്പോഴാണ്, യേശുവിന്റേയും, പരിശുദ്ധ കന്യക മറിയത്തിന്റേയും കൂടാതെ ദേവാലയങ്ങളിൽ ഉള്ള എല്ലാവരുടേയും ജന്മദിനം ആഘോഷിക്കാൻ തുടങ്ങി. അതിലൊന്നും തെറ്റുള്ളതായി എനിക്കു തോന്നുന്നില്ല. ആ വക കാര്യങ്ങളിൽ വിരൽ ചൂണ്ടാൻ എനിക്ക് ഉദ്ദേശവുമില്ല.

യേശുക്രിസ്തു എന്നാണ് ജനിച്ചതെന്ന് ഇതുവെരെ ആർക്കും കണ്ടു പിടിക്കാൻ സാധിച്ചിട്ടില്ല. പലരും പല ദിവസങ്ങളും പറയുന്നുണ്ടെങ്കിലും അതൊന്നും ശരിയല്ലെന്നാണ് എന്റെ പഠനത്തിൽ നിന്നും മനസ്സിലാക്കുന്നത്.

റോമാ സാമ്രാജ്യവും അവിടെയുണ്ടായിരുന്ന നിരവധി പൗരന്മാരും ക്രിസ്ത്യാനികളായി കഴിഞ്ഞെങ്കിലും, അവർ ഡിസംബർ ഇരുപത്തഞ്ചാം തീയതി ആഘോഷിച്ചിരുന്ന ഉത്സവം തുടരമെന്നാഗ്രഹിച്ചു. ഈ കാലഘട്ടത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉണ്ടായിരുന്നവർ സൂര്യ ഭഗവാന്റെ ഉത്സവം ഈ ദിവസം തന്നെ ആഘോഷിച്ചിരുന്നു. അങ്ങിനെ ആ കാലഘട്ടത്തിൽ ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉണ്ടായിരുന്നവർ ഈ ദിവസം ഏതെങ്കിലു ഒരു ഉത്സവം ആഘോഷിക്കുന്നതായി മനസ്സിലാക്കി, ആ ദിവസം ക്രിസ്ത്യാനികളും ഉത്സവം ആഘോഷിക്കാൻ തീരുമാനിച്ചു. തുടർന്ന് പലതും അതിന്റെ കൂടെ കൂട്ടിച്ചേർത്തു: ക്രിസ്തു ജനിച്ച് എട്ടാം പക്കം ചേലാകർമ്മം, ക്രിസ്തു വർഷ തുടക്കം (ജനുവരി ഒന്ന്), ഒൻതു മാസം പിന്നിലേക്ക് കണക്കു കൂട്ടി വചനപ്പു ദിവസം അങ്ങിനെ എല്ലാം.

ക്രിസ്തുമസ് (ക്രിസ്തുവിന്റെ ജനന പെരുന്നാൾ) ആയി ഡിസംബർ ഇരുപത്തഞ്ചു് ആഘോഷിക്കാം. എന്നാൽ യേശുവിന്റെ ജനനം സൂക്ഷ്മമായി അറിയാതെ, അതിനു വേണ്ടി ഇരുപത്തഞ്ചുദിവസം നോമ്പാചരണംനടത്തുന്നത് ശരിയാണോ? ക്രിസ്തുവിന്റെ ജനനത്തിന്റെ ഒരുക്ക ശുശ്രൂഷയായി കുറച്ചു ദിവസങ്ങൾ നോമ്പാചരിക്കുന്നത് ശരിയാണോ? ഇരുപത്തഞ്ചു ദിവസങ്ങൾ നോമ്പു നോക്കണമോ? കൂടാതെ അർദ്ധരാത്രി ആരാധന അങ്ങിനെ പലതും ആവശ്യമാണോ? അർദ്ധരാത്രി ആരാധനയും കഴിഞ്ഞ് മടങ്ങി വരുമ്പോൾ പല ഭവനങ്ങളും കൊള്ളയടിക്കപ്പെട്ടിട്ടുണ്ട്. അതി ഭയങ്കര തണപ്പും, മഞ്ഞും ഉള്ള പല സ്ഥലങ്ങളിലും ഈ അർദ്ധരാത്രി ആരാധനയ്ക്കു പോയി അപകടങ്ങൾ നേരിട്ടവരും ധാരാളം ഉണ്ട്. ഇതിനെല്ലാം പരിഹാരം ഉണ്ടാക്കാൻ സാധിക്കത്തില്ലേ! തന്മൂലം ഈ ലേഖനത്തിന്റെ തുടക്കത്തിൽ പറഞ്ഞിട്ടുള്ളതുപോലെ സമാധാനം കിട്ടുമോ? എല്ലാം വെറുതെ ന്യയീകരിക്കരുത്.

പഴയ കാലത്തെ നല്ല പ്രാർത്ഥനാ ജീവിതമുണ്ടായിരുന്ന വന്ദ്യ പുരോഹിതന്റെ മുൻപിൽ പോയി മലിനമായി ചിന്തിച്ചാൽ, നിന്നാൽ പാപികളായ സാധാരണ ജനങ്ങൾ ബോധം കെട്ടു പോകുന്നതു കൂടാതെ പലരും മരണപ്പെട്ട കാര്യങ്ങളെല്ലാം നമ്മൾക്കറിയാം. എന്നാൽ ഇന്ന് പാവപ്പെട്ട സാധാരണ ജനങ്ങളെ കബളിപ്പിച്ച് പല വേഷഭൂഷാധികളും അണിഞ്ഞ് പണം മാത്രം ലക്ഷ്യമാക്കി ജീവിക്കുന്ന പുരോഹിത വർഗ്ഗത്തിന്റെ ഈ കബളിപ്പിക്കലിന് അറുതി വരുത്തേണ്ടതല്ലേ! ജീവിത മാർഗ്ഗത്തിന് പല ജോലികളും സ്വീകരിക്കുന്നതുപോലെ പൗരോഹിത്യവും കരുതാൻ പാടില്ല. പണം കിട്ടാതെ പരിപാവനമായ പൗരോഹിത്യ ശുശ്രൂഷ നടത്താൻ എത്ര പേരേ കൊണ്ട് സാധിക്കും!

പൂർവ്വ കാലങ്ങളിൽ മലയാളക്കരയിൽ ബ്രാമണന്മാർ പ്രഭാതം മുതൽ പ്രദോഷം വെരെ പ്രാർത്ഥനകളിൽ ജീവിച്ചു വന്നിരുന്ന ബ്രമ്മത്തിൽ അഗ്രഗണ്യരായിരുന്നവരെയാണ് ബ്രാമണർ എന്നറിയപ്പെട്ടിരുന്നത്. ആ കുടുംബങ്ങളിൽ പുതിയ ഒരു ജനനം ഉണ്ടായാൽ ആ കുഞ്ഞിന് ചുറ്റും ദിനരാത്രികൾ പണ്ഡിതന്മാരിരുന്ന് മന്ത്ര, തന്ത്ര സ്തുതിസ്തോത്രങ്ങൾ ചൊല്ലി, അതിനെയും കൂട്ടത്തിലൊരാളാക്കിയതുകൊണ്ടാണ് നമ്മൾ അവരെ ബ്രാമണരായി ബഹുമാനിച്ചിരുന്നത്!

ഈ ക്രിസ്തുമസ് കാലത്ത് ഈ വിഷയത്തെക്കുറിച്ച് ദീർഘമായി ചിന്തിച്ച് അടുത്ത വർഷം മുതലെങ്കിലും അനാവശ്യമായ ആചാരങ്ങൾക്ക് അറുതി വരുത്താൻ ശ്രദ്ധിക്കണം.

അനുഗ്രഹപ്രദമായ ക്രിസ്തുമസിന്റേയും ഐശ്വര്യപൂർണ്ണമായ പുതുവത്സരത്തിന്റേയും എല്ലാ മംഗളാശംസകളും നേരുന്നു.